"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - ജില്ലാ മൊത്ത വ്യാപാര സഹകരണ ഉപഭോക്തൃ സ്റ്റോറുകളിൽ നിന്നും ടെൻഡർ കൂടാതെ നിത്യോപയോഗ സാധനസാമഗ്രികളുടെ നേരിട്ടുള്ള സമാഹരണം - വില നിർണ്ണയ സമിതി രൂപീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.85/2023/SPD തീയതി,തിരുവനന്തപുരം, 09-08-2023

പരാമർശം:-
1. 18.01.2016-ലെ സ.ഉ.(സാധാ) നം. 04/2016/SPD നം. ഉത്തരവ്.
2. എറണാകുളം ജില്ലാ മൊത്തവ്യാപാര സഹകരണ സ്റ്റോർസ് മാനേജിംഗ് ഡയറക്ടറുടെ 12.07.2022-ലെ കത്ത് .

**ഉത്തരവ്**

ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളിൽ നിന്നും പലചരക്ക് സാധനങ്ങൾ, മെഷീനറി, പമ്പ് സെറ്റുകൾ, ജലവിതരണ സാമഗ്രികൾ, ഫർണീച്ചർ, സ്റ്റേഷനറി മുതലായവ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്ന വിഷയം പരിശോധിക്കുന്നതിനായി പരാമർശം 1 പ്രകാരം വില നിർണ്ണയ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൻപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എറണാകുളം ജില്ലാ മൊത്തവ്യാപാര സഹകരണ സ്റ്റോർ മാനേജിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ സ്വന്തമായി ഉല്പാദിപ്പിക്കാത്ത നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾ നേരിട്ട് വാങ്ങുവാൻ സ്റ്റോർസ് പർച്ചേയ്സ് മാന്വൽ പ്രകാരം വ്യവസ്ഥയില്ലാത്തതിനാലും, നിത്യോപയോഗ സാധനങ്ങളുടെ ഗണത്തിൽപ്പെടുന്ന ഭക്ഷ്യ വസ്തുക്കൾ (perishable items), സ്റ്റേഷനറി ഐറ്റംസ് എന്നിവ 'സ്റ്റോർസ്' എന്ന നിർവ്വചനത്തിൽപ്പെടുന്നവയല്ലാത്തതിനാലും (revised store purchase manual para 1.16) , നിലവിൽ 25000 രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ സമാഹരണവും GeM മുഖേന നടപ്പാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും പരാമർശം 1 ഉത്തരവ് പ്രകാരമുള്ള ഉത്തരവിന് സാധുത ഇല്ലാതായിട്ടുണ്ട്.

3) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ വില നിർണ്ണയ സമിതി രൂപീകരിച്ച് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം,

ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, സെന്റർ ഫോർ മാനേജ്മെന്റ് & ഡവലപ്മെന്റ്, തിരുവനന്തപുരം.

ശ്രീ.ജോസഫ് ലൂയിസ്, കോസ്റ്റ് അക്കൗണ്ടന്റ്, TC 3/760(1), ഇലങ്കംവിള ലെയ്ൻ,
TKD റോഡ്, മുട്ടട പി.ഒ., തിരുവനന്തപുരം - 695025.

മാനേജിംങ് ഡയറക്ടർ, എറണാകുളം ജില്ലാ മൊത്തവ്യാപാര സഹകരണ
ഉപഭോക്തൃ സ്റ്റോർ ക്ലിപ്തം നം.E 122, കാക്കനാട്, കൊച്ചി - 682 030.

സഹകരണ (ബി) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ